LIBRARY ARCHIVES Kerala Legislative Assembly

കെ.എസ്.ഇ.ബി. പെൻഷൻ ഫണ്ട്

6 (3159) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷവും മുൻവർഷവും ARR & ERC(Aggregate Revenue Requirement and Expected Revenue Collection) പ്രകാരം പെൻഷൻ ഫണ്ടിലേക്ക് തുക വകമാറ്റുന്നതിലേക്ക് കെ.എസ്.ഇ.ബി. ലിമിറ്റഡ് കേരള സ്റ്റേറ്റ് റെഗുലേറ്ററി കമ്മീഷനോട് അനുവാദം ചോദിച്ചിരുന്നുവോ; എങ്കിൽ എത്ര തുക വീതമാണെന്ന് വർഷം തിരിച്ച് പ്രത്യേകമായി അറിയിക്കുമോ;

(ബി) ഇപ്രകാരം ആവശ്യപ്പെട്ട തുക റെഗുലേറ്ററി കമ്മീഷൻ അനുവദിച്ചിട്ടുണ്ടോ; ഇല്ലായെങ്കിൽ അതിന് എന്തുകൊണ്ടാണെന്ന് കമ്മീഷൻ അറിയിച്ചിട്ടുണ്ടോയെന്ന വ്യക്തമാക്കുമോ?

ഉത്തരം

(എ) 2014-15 സാമ്പത്തിക വർഷത്തിൽ കെ.എസ്.ഇ.ബി. ലിമിറ്റഡ്, ARR & ERC പെറ്റീഷൻ മുഖേന പെൻഷൻ ഫണ്ടിലേക്കുള്ള വാർഷിക വിഹിതമായി 101.12 കോടി രൂപയും കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ മാസ്റ്റർ ട്രസ്റ്റിന്റെ ബോണ്ടിന്റെ നിക്ഷേപത്തിനത്തിൽ 814.44 കോടി രൂപയും വകയിരുത്തുന്നതിനുള്ള അനുവാദം നൽകണമെന്ന് റെഗുലേറ്ററി കമ്മീഷൻ മുമ്പാകെ അഭ്യർത്ഥിച്ചിരുന്നു. 2015-16 സാമ്പത്തിക വർഷത്തിൽ പെൻഷൻ ഫണ്ടിലേക്ക് വാർഷിക വിഹിതമായ 111.23 കോടി രൂപയും മാസ്റ്റർ ട്രസ്റ്റിന്റെ ബോണ്ടുകളുടെ നിക്ഷേപത്തിനത്തിൽ 814.44 കോടി രൂപയും കണക്കാക്കിക്കൊണ്ടുള്ള അപേക്ഷ റെഗുലേറ്ററി കമ്മിഷൻ മുമ്പാകെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.

(ബി) 2014-15 സാമ്പത്തിക വർഷത്തിൽ, ടി തുക മുഴുവനായും വകയിരുത്തുന്നതിന് റെഗുലേറ്ററി കമ്മിഷൻ അനുവദിച്ചിരുന്നു. 2015-16 സാമ്പത്തിക വർഷത്തെ ARR & ERC പെറ്റീഷൻമേൽ, കമ്മീഷൻ നാളിതുവരെ തീർപ്പ് കൽപിച്ചിട്ടില്ല.

കെ.എസ്.ഇ.ബി. ജീവനക്കാരുടെ വിരമിക്കൽ ആനുകൂല്യങ്ങളിൽ നിന്നും നികുതി

7 (3160) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി. ജീവനക്കാരുടെ വിരമിക്കൽ ആനുകൂല്യങ്ങളിൽ നിന്നും നികുതി ഈടാക്കുന്നതിനുള്ള പുതിയ പദ്ധതി ഏത് മാനദണ്ഡം അനുസരിച്ചാണെന്ന് വിവരിക്കുമോ ;

(ബി) ഇതിനായി ബോർഡ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടെങ്കിൽ ഇതിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(സി) ഇത്തരത്തിൽ അമിത നികുതി ഈടാക്കുന്നതിൽ നിന്നും കെ.എസ്.ഇ.ബി. പിൻമാറുമോ;വിശദമാക്കുമോ?

ഉത്തരം

(എ) കെ.എസ്.ഇ.ബി. ലിമിറ്റഡ് ജീവനക്കാരുടെ ശമ്പളം, വിരമിക്കൽ ആനുകൂല്യങ്ങൾ എന്നിവയിൽ നിന്നുള്ള വരുമാന നികുതി അതാത് കാലത്ത് നിലവിലുള്ള ആദായ നികുതി നിയമം, 1961-ലെ വകുപ്പുകൾക്ക് അനുസൃതമായാണ് ഈടാക്കുന്നത്.

(ബി) നികുതി ഈടാക്കുന്നതുമായി ബന്ധപ്പെട്ട് കെ.എസ്.ഇ.ബി.-യിൽ നിന്നും ഈ വർഷം പുറപ്പെടുവിച്ച സർക്കുലറുകളുടെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.

(സി) ആദായ നികുതി നിയമം അനുശാസിക്കുന്ന ആദായ നികുതിയാണ് കെ.എസ്.ഇ.ബി. ലിമിറ്റഡ് ജീവനക്കാരിൽ നിന്നും ഈടാക്കി സർക്കാരിലേയ്ക്ക് ഒടുക്കുന്നത്. ആദായ നികുതിയിൽ ഇളവുകൾ അനുവദിക്കേണ്ടത് കേന്ദ്ര സർക്കാർ ആണ്. കെ.എസ്.ഇ.ബി.-ക്ക് ജീവനക്കാരെ ആദായ നികുതിയിൽ നിന്നും ഒഴിവാക്കാനാവില്ല.

നഗര പുനരാവിഷ്കൃത ഊർജ്ജിത ഊർജ്ജ വികസന പദ്ധതി

8 (3161) ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. എ. ടി. ജോർജ് :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി., നഗര പുനരാവിഷ്കൃത ഊർജ്ജിത ഊർജ്ജ വികസന പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ;

(സി) സമ്പൂർണ്ണ വൈദ്യുതീകരണത്തിന് പ്രസ്തുത പദ്ധതിയിൽ എന്തെല്ലാം കാര്യങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദമാക്കുമോ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly